(ബി-ഡി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യമായും സുഗമമായും കാര്യക്ഷമവുമായി നടപ്പിലാക്കുക എന്നതാണ് 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർവഴി സർക്കാർ ഉദ്ദേശിക്കുന്നത്. ഓൺലൈനായി നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് ഇതേ സോഫ്റ്റ് വെയറിലൂടെതന്നെ ഓൺലൈനായി അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലൂടെ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ കൂടുതൽ വേഗത്തിലും കൃത്യതയോടെയും സുതാര്യമായും അംഗീകാരം നൽകുവാൻ കഴിയും. ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലേയും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് ടൗൺ പ്ലാനർ, വിജിലൻസിനെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

നഗരങ്ങളിലെ കെട്ടിടനിർമ്മാണ വ്യവസ്ഥകൾ

65 (7362) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നഗരങ്ങളിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) കെട്ടിടനിർമ്മാണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനായി നടത്തിയത് ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) എസ്.ആർ.ഒ. നമ്പർ 80/2013 ആയിട്ടുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരം പ്രധാനമായും അപേക്ഷകൾ ഇ-ഫയലിംഗ് സിസ്റ്റം പ്രകാരം സമർപ്പിക്കുന്നതിനും ചില

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റിയുടെ മുൻകൂർ എൻവയോൺമെന്റ് ക്ലിയറൻസ് വാങ്ങുന്നതിനും കടൽമാർഗ്ഗം ഒഴികെയുള്ള ജലമാർഗ്ഗം (water way) വഴിയായി കണക്കാക്കുന്നതിനും സർക്കാർ അംഗീകൃത വൻകിട (large scale) വികസന പ്രോജക്ടുകൾ സംബന്ധിച്ചും മെക്കനൈസ്ഡ് പാർക്കിംഗ് സംബന്ധിച്ചുമുള്ള പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയുണ്ടായി. കൂടാതെ, പെർമിറ്റ് കാലാവധി പുതുക്കൽ/നീട്ടൽ, സെറ്റ് ബാക്കുകൾ, കവറേജ്, ഫ്ളോർ ഏരിയ റേഷ്യോ, വഴിയുടെ വീതി, ഓഫ് സ്ട്രീറ്റ് പാർക്കിംഗ്, എമർജൻസി എക്സിറ്റിലേക്കുള്ള യാത്രാദൂരം, നഗര-ഗ്രാമാസൂത്രണ വകുപ്പിൽനിന്നും ലഭ്യമാക്കേണ്ട അംഗീകാരങ്ങൾ, സോളാർ വാട്ടർ ഹീറ്റിംഗ് സിസ്റ്റം, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം, ഹൈറൈസ് കെട്ടിടങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ തുടങ്ങി നിലവിലെ വിവിധ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ, എസ്.ആർ.ഒ. നമ്പർ 542/2013 പ്രകാരം ഹൈറൈസ് കെട്ടിടങ്ങൾക്ക് ചുറ്റുമുള്ള ഓപ്പൺ സ്പേയ്സ് സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും എസ്.ആർ.ഒ. നമ്പർ 108/2014 പ്രകാരം ഗവൺമെന്റ് സെർവന്റ്സ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അലോട്ട് ചെയ്യുന്ന ഹൗസിംഗ് ലേ ഔട്ടുകൾക്കുള്ള ലഘൂകൃത വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തുകയും എസ്.ആർ.ഒ. നമ്പർ 182/2014 പ്രകാരം ടി ചട്ടങ്ങളിലെ വഴി സംബന്ധിച്ച വ്യവസ്ഥയിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനുംവേണ്ടിയാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾക്കനുസൃതമായി ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ (ഡി.പി.സി.), മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ, വില്ലേജ്, പഞ്ചായത്തുകൾ എന്നിവയ്ക്ക് സ്ഥലപര ആസൂത്രണത്തിൽ (Spatial Planning) ഊന്നൽ നൽകിക്കൊണ്ടുള്ള വ്യവസ്ഥകളാണ് ടി ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ കണക്കിലെടുത്താണ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി വരുത്തിയ ശേഷമാണ് 2014-ലെ കേരള മുനിസിപ്പാലിറ്റി (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനുംവേണ്ടിയാണ് ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly